# CAREER Updates
# പത്രവൃത്താന്തം

14.08.2024
(ബുധൻ)



⇨ വഖഫ് നിയമഭേദഗതി ബിൽ പരിശോധിക്കാനുള്ള സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി.) അധ്യക്ഷനായി 2024 ആഗസ്റ്റിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി

✔ ജഗദംബിക പാൽ

- ലോക്സഭയിലെ മുതിർന്ന ബി.ജെ.പി. നേതാവായ ജഗദംബിക പാൽ ഉത്തർപ്രദേശിൽ നിന്ന് നാലാം തവണയാണ് ലോക്സഭയിലേക്കെത്തുന്നത്. 2009 മുതൽ ഇദ്ദേഹം ലോക്സഭംഗമാണ്.
- വഖഫ് നിയമഭേദഗതി ബിൽ പരിശോധിക്കാനുള്ള സംയുക്ത പാർലമെന്ററി സമിതിയിൽ 31 അംഗങ്ങളാണുള്ളത്. 2024 ആഗസ്റ്റ് 8-നാണ് കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് മന്ത്രി കിരൺ റിജിജു വഖഫ് നിയമഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്.

⇨ തമിഴ്നാട്ടിൽ നിന്നും ശ്രീലങ്കയിലേക്കുള്ള കപ്പൽ സർവീസ് പുനരാരംഭിക്കുന്നതിന്റെ ഭാഗമായി 2024 ആഗസ്റ്റിൽ നാഗപട്ടണത്ത് നിന്നും ശ്രീലങ്കയിലെ കങ്കേശൻ തുറയിലേക്ക് പരീക്ഷണയാത്ര നടത്തിയ കപ്പൽ

✔ ശിവഗംഗ

⇨ ചൊവ്വയുടെ ഉപരിതലത്തിൽ നിന്ന് 20 കിലോമീറ്റർ ആഴത്തിൽ സമുദ്രമുണ്ടെന്ന് കണ്ടെത്തിയ ബഹിരാകാശ സംഘടന

✔ നാസ

- നാസയുടെ ഇൻസൈറ്റ് ലാൻഡറിൽ നിന്നുള്ള ഡേറ്റയാണ് ചൊവ്വയിലെ സമുദ്രം സംബന്ധിച്ച സൂചനകൾ നൽകിയത്.

⇨ 2024 ആഗസ്റ്റിൽ അമേരിക്കയിലെ ഇന്ത്യൻ സ്ഥാനപതിയായി ചുമതലയേറ്റ മുൻ വിദേശകാര്യ സെക്രട്ടറി

✔ വിനയ് മോഹൻ ഖത്ര

⇨ കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ അഭിരുചി, സർഗ്ഗാത്മക പ്രായോഗിക ശേഷി എന്നിവ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകി മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹികനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

✔ അനന്യം

⇨ സംസ്ഥാന നിയമസഭാ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിൽ വിജയിച്ച മണ്ഡലം എന്ന റെക്കോഡ് നേടിയത്

✔ പെരിന്തൽമണ്ണ, മലപ്പുറം

- ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 6 വോട്ടിന്റെ ഭൂരിപക്ഷമാണ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട നജീബ് കാന്തപുരത്തിനുള്ളത്.

⇨ ഇന്ത്യയിലെ ആദ്യത്തെ 24/7 ഗ്രെയ്ൻ എടിഎം നിലവിൽ വന്ന സംസ്ഥാനം

✔ ഒഡീഷ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999